**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5852** **08-11-2021 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നിരാക്ഷേപ പത്രം 04.06.2020 മുതൽ 7 വർഷത്തേക്ക് നൽകിയിട്ടുണ്ട് . പ്രസ്തുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് ഗവൺമെന്റും കെ.എസ്.ഇ.ബി.എൽ-ഉം തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | പദ്ധതിക്ക് ആവശ്യമായത് 138.60 ഹെക്ടർ വനഭൂമി മാത്രമാണ്. പ്രസ്തുത വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് വിട്ടുനൽകികൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വിശദമാക്കാമോ; | (സി) | സർക്കാർ സമവായത്തിലൂടെ മാത്രമെ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ ഉദ്ദേശിക്കുന്നുള്ളു. |
| (ഡി) | സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച പരിസ്ഥിതി ആഘാത നിയമമനുസരിച്ച് പഠനവിധേയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ